<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2827

**20 .03.2015-ൽ**
മറുപടിയ്ക്ക്

## ' സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും ഭൂമിയും വാടകയ്ക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ'

<u>ചോദ്യം</u>
ഡോ. കെ. ടി. ജലീൽ

<u>മറുപടി</u>
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) സർക്കാരിൻെറ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും ഭൂമിയും മറ്റും സ്വകാര്യ സ്ഥാപനങ്ങൾക്കും വാടകയ്ക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ) സർക്കാർ ക്വാർട്ടേഴ്സുകൾ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ജി. ഒ. (എം.എസ്) നം. 11/2006/പൊ. മ. വ. തീയതി 28/02/2006 പ്രകാരം ഉത്തരവായിട്ടുണ്ട്. ഓഫീസ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന സ്ഥലവിലയും കെട്ടിടത്തിന്റെ കാലപ്പഴക്കവും കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന തുകയ്ക്കാണ്.

1960-ലെ കേരള ഭൂമി പതിവ് നിയമത്തെ അധികരിച്ചുള്ള വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് നൽകി വരുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുൻസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായും ഭൂമി പാട്ടത്തിന് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ